നർമ്മം

# ചിരി, ചിരി സേവന ചിരി!

## തോമസ് ഫിലിപ്പ്, പാറക്കമണ്ണിൽ റാന്നി

**ലോ**കത്തിലേക്കും അധികം സ്ഥാനങ്ങൾ അഥവാ പൊസിഷനുകൾ ഉള്ള രണ്ട് സാംസ്ക്കാരിക സംഘടനകളാകുന്നു അമേരിക്കയിലെ ആനയും ആമയും. എത്ര പ്രസിഡന്റ് വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിമാർ, എത്രയെത്ര സെക്രട്ടറിമാർ, എത്ര അസിസ്റ്റന്റ് സെക്രട്ടറിമാർ, എത്രയെത്ര കൺവീനർമാർ, എത്ര എത്ര അംബാസിഡന്മാർ... അങ്ങനെ എത്രയോ അധികം ഭാരവാഹികളാകുന്നു ഈ രണ്ട് അമേരിക്കൻ മലയാളി സേവനസംഘടനകളിലുള്ളത്? ഇപ്പോൾ അമേരിക്കയിലെ മലയാളം മാധ്യമങ്ങൾ തുറന്നൊന്നു നോക്കിയാൽ വിവിധ സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്ന ആണിന്റെയും പെണ്ണിന്റെയും പേരുകളും ജീവചരിത്രങ്ങളും ചിരിച്ചുകൊണ്ട് നിൽക്കുന്ന ഫോട്ടോകളുടെയും ചാകരയാണ്! ചാകരയെന്ന് പറഞ്ഞാൽ അറേബിയൻ കടലിൽ ചില്പപോൾ ചാളകൾ തുള്ളിച്ചാടുന്നതുപോലെയുള്ള ചാകര. കൂട്ടത്തിൽ പല ചാക്യാർ കൂത്തുകളും, അടി തള്ള് കുമ്മിയടി, കൂടിയാട്ടം, തിരുവാതിരകളിയുമുണ്ട് സമ്മേളനത്തിൽ!

കൈയ്യിലുള്ള കാശും കളഞ്ഞ് അമേരിക്കയിലെങ്ങും ഒറ്റയ്ക്കോടി നടന്ന് കൊടിയ ചൂഷണങ്ങളും പീഢനങ്ങളും അനുഭവിക്കുന്ന അമേരിക്കയിലെ മലയാളി സഹോദരങ്ങൾക്ക് നിസ്വാർത്ഥ സുന്ദരമായ സേവനങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ശ്രീ. തോമസ് കൂവെല്ലൂരിനെ സേവനത്തിന്റെ കാര്യം പറയുമ്പോൾ ഇവിടെ ഓർക്കുകയും ഞാൻ അദ്ദേഹത്തെ ഹൃദയംഗമമായി അഭിനന്ദിക്കുകയും ചെയ്തുകൊള്ളുന്നു. തനിക്കുവേണ്ടി താൻ ഒരിക്കലും കുഴലൂതിയിട്ടുമില്ല!

മത്സരിക്കുന്ന സ്ഥാനാർത്ഥിമാർ യോഗ്യന്മാരാണോന്ന് മനസ്സിലാക്കുവാൻ പതിറ്റാണ്ടു കാലത്തെ അവരുടെ ജീവചരിത്രമൊന്നും പഠിക്കേണ്ട കാര്യമില്ലല്ലോ. അതിന് തുറന്ന് ചരിച്ചുകൊണ്ട്നിൽക്കുന്ന കഥാനായകന്റെയും കഥാനായികയുടെയും ഫോട്ടോകൾ നിരീക്ഷിച്ചാൽ മാത്രം മതിയല്ലോ. ഉണ്ണിയെ കണ്ടാൽ ഊരിലെ പഞ്ഞമറിയാമെന്നാണല്ലോ പഴഞ്ചൊല്ലും. അല്ലെങ്കിലെന്താ ഇത് അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പൊന്നുമല്ലല്ലോ. എന്തായാലും ചിരിച്ചോണ്ട് നടക്കുന്നത് നല്ലതാണ്. കാണുന്നവർ വട്ടാണെന്ന് പറയരുതെന്നു മാത്രം. ഭാര്യയെ അടുത്തു നിർത്തി വെളുക്കെ ചിരിച്ചോണ്ട് നിൽക്കുന്ന ഫോട്ടോയാണ് ഇപ്പോഴത്തെ ഫാഷൻ! ഷോയ്ക്കും ചിരിക്കുമൊക്കെ ഏറെ പ്രാധാന്യം കൊടുക്കുന്നവരാണല്ലോ മലയാളികൾ.

മലയാളി ആണുങ്ങൾ ആത്മാർത്ഥമായി മനസ്സ് തുറന്ന് ചിരിക്കുന്നതായ രണ്ട് ചിരികളുണ്ട്. കൂട്ടുകാരുമായി കള്ളടിച്ച് സുബോധം നഷ്ടപ്പെടുമ്പോൾ നടത്തുന്ന വിഢ്ഢിത്വ ചിരിയാണ് ഒന്ന്. മറ്റൊന്ന് ഇലക്ഷനിൽ നിന്ന് ജയിക്കാൻ വേണ്ടി വോട്ടർമാരെയോ സദസ്സിനെയോ അഭിമുഖീകരിക്കുമ്പോൾ സ്ഥാനാർത്ഥി നടക്കുന്ന ചിരിയാണ്. വിനയം വഴി പോയിട്ടില്ലാത്തവനാണ് സ്ഥാനാർത്ഥിയെങ്കിൽ ചിരിക്കു പിന്നാലെ വളഞ്ഞു നിന്നൊരു കൈകൂപ്പുമുണ്ട്. ഒരുപാട് ഇനം മലയാളി ചിരിയുണ്ടല്ലോ. അതിനെപ്പറ്റിയൊന്നും ഇവിടെ പറയുന്നില്ല. എന്നാൽ അടുത്തകാലത്ത് കണ്ട മറ്റൊരു കുടുംബചിരിയുണ്ട്. അതെനിക്ക് ഇഷ്ടപ്പെട്ടു. 7 വർഷം മുമ്പുണ്ടായെന്ന് പറയപ്പെടുന്ന ഒരു പാദസ്പർശനത്തിന്റെ അതർസൈഡ് ഓഫ് ദിസ് ലൈഫ് പുസ്തക പ്രകാശനവേളയിൽ മാണിയും മരുമോളും മാണിപ്പുത്രനും കൂടി നടത്തിയ കുടുംബചിരിയാണത്. ഈ കുടുംബരാഷ്ട്രീയനാടകം ട്രാജഡിയോ കോമഡിയോ ആയിത്തീരുമെന്ന് കാഴ്ചക്കാർ നിശ്ചയിക്കട്ടെ. സരിതാനായർ ആത്മകഥ എഴുതിയാലും കേരളത്തിൽ വിറ്റഴിയും പീഡിക്കപ്പെട്ട പതിവ്രതയായ ഒരു ഭാര്യ 7 വർഷത്തോളം അതിനെതിരെ പ്രതിഷേധിക്കാതെ അനങ്ങാതിരുന്നിട്ട് ഇപ്പോൾ പുസ്തകമെഴുതി പൊതുരംഗത്തെത്തിയിരിക്കുന്നതിന്റെ ഉദ്ദേശശുദ്ധി ഏത് മലയാളിക്കാണ് ഇന്ന് മനസ്സിലാകാത്തത്? അധികാരാർത്തി പിടിച്ച ചില മനുഷ്യർ അതിനായി ഏത് ചെകുത്താനുമായും കൂട്ടുചേരും. ഏത് വേഷവും കെട്ടും! കെ. എം. മാണിക്ക് ഇതിൽ യാതൊരു സങ്കോചവുമില്ല. സേവനത്തിനു വേണ്ടിയുള്ള തട്ടിപ്പ് ചിരിയുടെ ചാരുതയും ആസ്വാദ്യതയും ഒന്നുവേറെ തന്നെ! കേരളത്തിൽ കഴിയുന്ന പല കൊച്ചാണന്മാരും വിചാരിക്കുന്നത് അഴരിൽ കഴിഞ്ഞ് നേതാക്കന്മാരും സേവനവുമില്ലെന്നാണ്!

*******************